# ചെങ്ങന്നൂർ മുനിസിപ്പാലിറ്റി

## ലേല കൊട്ടേഷൻ നോട്ടീസ്

നമ്പർ: ആർ3–7692/17 തീയതി: 19/02/2018

2018 – 2019 സാമ്പത്തിക വർഷത്തേയ്ക്ക് ശാസ്താംപുറം മാർക്കറ്റിൽ നിന്നും ഫീസ് പിരിക്കുന്നതിനും, മുനിസിപ്പൽ ബസ്റ്റാന്റിൽ നിന്നും ഫീസ് പിരിക്കുന്നതിനും മുനിസിപ്പാലിറ്റിവക വസ്തുക്കളിൽ നിന്ന് ആദായമെടുക്കുന്നതിനും, പുത്തൻകാവ് ജംഗ്ഷനിൽ ഇറച്ചിസ്റ്റാൾ കെട്ടി കച്ചവടം ചെയ്യുന്നതിനും, ശാസ്താംപുറം മാർക്കറ്റിൽ ആട്ടിറച്ചി, മാട്ടിറച്ചി (2 സ്റ്റാൾ), കോഴിയിറച്ചി എന്നിവ വിൽക്കുന്നതിനുള്ള കുത്തകാവകാശം, പ്രൈവറ്റ് ബസ് സ്റ്റാന്റ് ടൂ വീലർ പാർക്കിംഗ് മുതലായവ 2018 ഫെബ്രുവരി 28–ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് മുനിസിപ്പൽ ഓഫീസിൽ വച്ച് ലേലം/കൊട്ടേഷൻ മുഖേന നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കണമെന്നുള്ളവർ 2018 ഫെബ്രുവരി 28–ാം തീയതി രാവിലെ 11.00 മണിയ്ക്ക് മുൻപായി ഓരോന്നിനും കാണിച്ചിട്ടുള്ള നിരതദ്രവ്യം ഒടുക്കിയിരിക്കേണ്ടതാണ്. കൊട്ടേഷനുകൾ 2018 ഫെബ്രുവരി 27–ാം തീയതി വൈകുന്നേരം 3.00 മണിവരെ ആഫീസിൽ സ്വീകരിക്കുന്നതാണ്. ലേലത്തിൽ/കൊട്ടേഷനിൽ പങ്കെടുക്കണമെന്നുള്ളവർ കഴിഞ്ഞ വർഷത്തെ ലേലത്തുകയ്ക്ക് സമാനമായ തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ലേലത്തിനു മുൻപായി ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനവിവരം | പ്രാരംഭ നിരക്ക് | നിരതദ്രവ്യം |
|---|---|---|---|
| I | ശാസ്താംപുറം സസ്യ –മത്സ്യ, കന്നുകാലി ചന്തയിലെ ഫീസ് പിരിവ് | 2,66,750/– | 13,338/– രൂ |
| II | മാട്ടിറച്ചി സ്റ്റാൾ (പുത്തൻകാവ് ജംഗ്ഷൻ) | 1,69,400/– | 8,470/– രൂ |
| III | മുനിസിപ്പൽ ബസ്റ്റാൻഡിൽ കയറുന്ന സ്വകാര്യ ലൈൻ ബസുകളിൽ നിന്നും ബസ് ഒന്നിന് 20/– രൂപ നിരക്കിൽ ഫീസ് പിരിക്കുന്നതിനുള്ള അവകാശവും ഒപ്പം ശബരിമല മണ്ഡലകാല സീസണോടനുബന്ധിച്ച് പരമാവധി 3 മാസക്കാലത്തേയ്ക്കു മാത്രം ഒരു സമയം 5 ടൂറിസ്റ്റ് ബസുകൾ മാത്രം നഗരസഭ നിഷ്കർഷിക്കുന്ന സ്ഥലത്ത് പാർക്ക് ചെയ്യുന്നതിന് ബസ് ഒന്നിന് 10,000/– രൂപ വീതം ഈടാക്കുന്നതിനും ഉള്ള അവകാശം | 6,33,710/– | 31,686/– രൂ |
| IV | മുനിസിപ്പൽ ബസ്റ്റാൻഡിലെ കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 1,21,000/– | 6,050/– രൂ |
| V | മുനിസിപ്പാലിറ്റി വക കുളങ്ങൾ, ചാലുകൾ എന്നിവയിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം<br>1. കാരിക്കുളം ചാൽ<br>2. വലിയകുളം ചാൽ<br>3. ഊടാകുളം ചാൽ<br>4. കുട്ടംകേരി ചാൽ<br>5. പുത്തൻകാവ് പച്ചീത്ത ചാൽ<br>6. പെരുംകുളം ചാൽ<br>7. താമരക്കുളം ചാൽ | 10,395/– (ചാൽ ഒന്നിന് 1485/– രൂപ) | 520/– രൂ |

| | | | |
|---|---|---|---|
| VI | മേലാദായം എടുക്കുന്നതിനുള്ള അവകാശം<br>1. മുനിസിപ്പൽ വക മംഗലത്തുള്ള മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ നിൽക്കുന്ന തെങ്ങുകളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം<br>2. ഇടനാട് ജെ.ബി. സ്കൂൾ കോമ്പൗണ്ടിൽ 4 തെങ്ങ്, കിഴക്കേനട യു.പി. എസ് കോമ്പൗണ്ടിലുള്ള 3 തെങ്ങ്, അങ്ങാടിയ്ക്കൽ തെക്ക് ജി.എച്ച്.എസ്.എസ് കോമ്പൗണ്ടിലുള്ള 15 തെങ്ങ്, മംഗലം അഗതി മന്ദിര പരിസരത്ത് നിൽക്കുന്ന തെങ്ങുകൾ ഇവയിലെ മേലാദായം എടുക്കുന്നതിനുള്ള അവകാശം | 3,300/- | 500/- രൂ |
| VII | 1. ആട്ടിറച്ചി വ്യാപാരം (ശാസ്താംപുറം മാർക്കറ്റ്)<br>2. മാട്ടിറച്ചി വ്യാപാരം(ശാസ്താംപുറം മാർക്കറ്റ്)-സ്റ്റാൾ നം - 1<br>3. മാട്ടിറച്ചി വ്യാപാരം (ശാസ്താംപുറം മാർക്കറ്റ്)- സ്റ്റാൾ നം - 2<br>4. കോഴിയിറച്ചി വ്യാപാരം (ശാസ്താംപുറം മാർക്കറ്റ്) | 1,10,000/-<br>2,21,100/-<br>2,22,200/-<br>1,46,850/- | 5,500/- രൂ<br>11,055/- രൂ<br>11,110/- രൂ<br>7,343/- രൂ |
| VIII | നഗരസഭാ പ്രൈവറ്റ് ബസ് സ്റ്റാന്റ് - ടൂ വിലർ പാർക്കിംഗ് | 50,000/- | 5,000/- രൂ |

## <u>ലേല - ക്വൊട്ടേഷൻ വ്യവസ്ഥകൾ</u>

1. ക്വൊട്ടേഷനുകൾ 2018 ഫെബ്രുവരി 27- ാം തീയതി വൈകിട്ട് 3.00 മണിവരെ ആഫീസിൽ സ്വീകരിക്കുന്നതാണ്.
2. ഓരോ ഇനത്തിലും പ്രത്യേകം പ്രത്യേകമായി ക്വൊട്ടേഷനുകൾ നൽകേണ്ടതാണ്.
3. നിരതദ്രവ്യം അടച്ചതിനുള്ള രസീതുകൾ/ഡി.ഡി. (നഗരസഭാ സെക്രട്ടറിയുടെ പേരിലെടുത്തത്) ക്വൊട്ടേഷനുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4. ക്വൊട്ടേഷൻ സമർപ്പിക്കുന്ന കവറുകൾക്കുമുകളിൽ ഇനവിവരം വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്.
5. ക്വൊട്ടേഷനുകൾ ലേലത്തിനുശേഷം തുറന്ന് പരിശോധിക്കുന്നതാണ്.
6. ലേലത്തിലോ/ക്വൊട്ടേഷനിലോ ഇതിലേതിനാണോ ഏറ്റവും കൂടുതൽ തുക, വിളിക്കുകയോ/ക്വോട്ട് ചെയ്യുകയോ ചെയ്യുന്നത് ആ ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്താൻ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതും, അതിനെ ചോദ്യം ചെയ്യാൻ ആർക്കും അധികാരം ഇല്ലാത്തതുമാണ്. ലേലത്തുക കുറവാണെന്ന് അധികൃതർക്ക് ബോധ്യം വന്നാൽ പുനർലേലം/ക്വൊട്ടേഷൻ നടത്തുന്നതിന് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
7. ഏതെങ്കിലും ഇനത്തിൽ ലേലം യുക്തമല്ലെന്ന് തോന്നുന്നപക്ഷം മാറ്റിവയ്ക്കുന്നതിന് സെക്രട്ടറിയ്ക്ക്/കൗൺസിലിന് അധികാരം ഉണ്ടായിരിക്കും.
8. <u>**ലേലം പിടിക്കുന്നവർ ലേലസംഖ്യയുടെ 50 % തുക അന്നേ ദിവസം 3 മണിയ്ക്ക് മുൻപായി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തി രസീത് വാങ്ങേണ്ടതാണ്.**</u> വീഴ്ചവരുത്തുന്നവരുടെ ലേലം അസ്ഥിരപ്പെടുത്തി നിരതദ്രവ്യം മുനിസിപ്പൽ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും, പുറമേ നോട്ടീസ് കൂടാതെ അപ്പോൾത്തന്നെ വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൻമേൽ പുനർലേലം ചെയ്യുന്നതും, ലാഭം വന്നാൽ ആദ്യ ലേലക്കാരന് അവകാശം ഇല്ലാത്തതും, നഷ്ടം വന്നാൽ ആദ്യ ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതുമാണ്.
9. ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ ആഫീസിൽ നിന്നും വ്യവസ്ഥകൾ ഉൾപ്പെടുത്തിയ മാതൃകയിൽ 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി എഴുതി 3 ദിവസത്തിനകം ഹാജരാക്കേണ്ടതുമാണ്. ആവശ്യമെന്ന് തോന്നുന്നപക്ഷം കരാറുകാരന്റെ ചിലവിൽ രജിസ്റ്റർ ചെയ്യണമെന്ന് ആവശ്യപ്പെടാവുന്നതുമാണ്. വീഴ്ചവരുത്തുന്നവരുടെ ലേലം

അസ്ഥിരപ്പെടുത്തി യുക്തമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

10. **ഒടുക്കുവരുത്തുന്ന ലേല തുകയുടെ 18% ജി.എസ്.റ്റി. കൂടി ഒടുക്കേണ്ടതാണ്.**

11. ലേലം പിടിക്കുന്നവർ ലേലസംഖ്യയുടെ ബാക്കിതുക 2018 മെയ് 31, സെപ്റ്റംബർ 30, എന്നിങ്ങനെ 2 തുല്യ ഗഡുക്കളായി അടച്ച് രസീത് വാങ്ങേണ്ടതാണ്.

12. തവണകൾ നിശ്ചിത തീയതിയ്ക്ക് അടയ്ക്കാതെ വീഴ്ച വരുത്തുന്നപക്ഷം അങ്ങനെ താമസിക്കുന്ന തവണകൾക്ക് പ്രതിമാസം 2% വീതം പലിശസഹിതം സെക്രട്ടറി നിശ്ചയിക്കുന്ന പിഴയോടുകൂടി ഒടുക്കുന്നതിന് ലേലക്കാർ ബാദ്ധ്യസ്ഥരാണ്. എന്നാൽ നിശ്ചിത തീയതിയ്ക്കു ശേഷം 15 ദിവസങ്ങൾക്കകം മുമ്പ് പറഞ്ഞിട്ടുള്ള പലിശ സഹിതം തവണതുക അടച്ചില്ലെങ്കിൽ നോട്ടീസ് കൂടാതെ കരാർ റദ്ദ് ചെയ്ത് യുക്തമെന്ന് തോന്നുന്ന ഇതര നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കും.

13. ഉടമ്പടിയിൽ ഈ നഗരസഭാ അതിർത്തിയിൽ താമസമുള്ള രണ്ട് ആൾ ജാമ്യക്കാർ ഉണ്ടായിരിക്കേണ്ടതാണ്. ഉടമ്പടിയിൽ ജാമ്യക്കാരായി നിർത്തുവാനുള്ള നഗരസഭാ അതിർത്തിക്കുള്ളിൽ സ്ഥിരതാമസക്കാരായുള്ള ആളുകളുടെ പേരുവിവരം ഫോട്ടോ പതിച്ച ഐ.ഡി. കാർഡ് സഹിതം ടി ആളിന്റെ അനുവാദം രേഖപ്പെടുത്തി ആഫീസിൽ ഹാജരാക്കി നേരത്തെ അംഗീകാരം വാങ്ങേണ്ടതാണ്.

14. ലേലം സ്ഥിരപ്പെടുത്തി ലേലക്കാർ ഉടമ്പടി എഴുതി വയ്ക്കുകയോ, അഡ്വാൻസോ ബാക്കി തുകയോ അടയ്ക്കാതെ വീഴ്ച വരുത്തിയാൽ വീണ്ടും ലേലം വിളിയ്ക്കുന്നതിനും, അതിൽ നഷ്ടം ഉണ്ടായാൽ ആദ്യലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതും ലാഭം വന്നാൽ അവകാശപ്പെടാൻ പാടില്ലാത്തതുമാണ്.

15. മുനിസിപ്പാലിറ്റിയിൽ മുൻലേലങ്ങളിലെ തവണകളോ, മറ്റ് നികുതികളോ, ഫീസുകളോ, കുടിശ്ശിക വരുത്തിയിട്ടുള്ളവരെ ലേലത്തിൽ പങ്കെടുക്കുന്നതിനും, കുത്തകക്കാരുടെ ആൾപേരോ, കയ്യാളോ ആയിരിക്കുന്നതിനും അനുവദിക്കുന്നതല്ല.

16. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻവർഷത്തെ ലേലത്തുകയ്ക്ക് സമാനമായ തൻവർഷത്തെ സോൾവൻസി സർട്ടിഫിക്കറ്റ് തഹസിൽദാറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും ഹാജരാക്കുകയോ, ബാങ്ക് ഗ്യാരന്റിയോ അല്ലെങ്കിൽ ടി തുകയ്ക്കുള്ള പണം മുനിസിപ്പൽ ഫണ്ടിൽ അടച്ചിട്ടുള്ള രസീതുകളോ ഹാജരാക്കുന്നവരെ മാത്രമേ ലേലത്തിൽ സംബന്ധിയ്ക്കാൻ അനുവദിക്കുകയുള്ളൂ. സോൾവൻസി തുകയിൽ കൂടുതൽ തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്ന പക്ഷം അധികമായി വരുന്ന തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ലേലം സ്ഥിരപ്പെട്ടാലുടൻ തന്നെ ഒടുക്കുവരുത്തേണ്ടതാണ്.

17. ഇറച്ചി സ്റ്റാൾ (പുത്തൻകാവ് ജംഗ്ഷൻ), ശാസ്താപുറം മാർക്കറ്റിൽ ഇറച്ചി വിൽപനയ്ക്ക് കുത്തകാവകാശം ലേലത്തിൽ പിടിയ്ക്കുന്നവർ മുനിസിപ്പൽ അതിർത്തിയ്ക്കുള്ളിൽ വെച്ച് മൃഗങ്ങളെ കശാപ്പ് ചെയ്യുവാൻ പാടില്ലാത്തതാണ്. മുനിസിപ്പൽ അതിർത്തിയ്ക്ക് സമീപമുള്ള അംഗീകൃത കശാപ്പ് ശാലകളിൽ വച്ച് മാത്രമേ മൃഗങ്ങളെ കശാപ്പ് ചെയ്യുവാൻ പാടുള്ളൂ. ഇറച്ചി വ്യാപാരത്തിനുള്ള സ്റ്റാളുകൾ ലേലം പിടിയ്ക്കുന്നവർ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ്, ബുച്ചർ ലൈസൻസ് എന്നിവ ഹാജരാക്കേണ്ടതാണ്.

18. കെട്ടിടങ്ങൾ, വസ്തുക്കൾ മുതലായവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ഉണ്ടായിട്ടുള്ളതും, ഉണ്ടാകുന്നതുമായ ചട്ടങ്ങൾക്ക് വിപരീതമായി കരാറുകാർ പ്രവർത്തിയ്ക്കാൻ പാടുള്ളതല്ല.

19. ഏതവസരത്തിലും തക്കതായ കാരണത്തിൻമേൽ കരാറുകൾ റദ്ദ് ചെയ്യാൻ സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

20. കൗൺസിലിന് ലേലക്കാരനിൽ നിന്നും ഏതെങ്കിലും വിധത്തിൽ നഷ്ടമുണ്ടാകുന്ന പക്ഷം ആയതും, കുടിശ്ശിക വരുത്തിയ തുകയും മുനിസിപ്പൽ ആക്ട് പ്രകാരം ഈടാക്കുന്നതിന് അധികാരം ഉണ്ടായിരിക്കും.

21. ലേലസംഖ്യ 10,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ ടി സംഖ്യ മുഴുവനും ലേല ദിവസം തന്നെ അടയ്ക്കേണ്ടതാണ്.

22. യാതൊരു കാരണവും കൂടാതെ ലേലം അസ്ഥിരപ്പെടുത്തുന്നതിനോ, മാറ്റിവെയ്ക്കുന്നതിനോ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

23. ലേല നോട്ടീസിലെ വ്യവസ്ഥകൂടി ലേലക്കാരൻ എഴുതി വയ്ക്കുന്ന ഉടമ്പടിയുടെ ഭാഗമായി കണക്കാക്കുന്നതാണ്.

24. ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ കുത്തക കാലാവധി അവസാനിച്ച് ലേലം സംബന്ധിച്ച് ബാദ്ധ്യതകൾ തീർക്കാതെ അവരുടെ വസ്തുക്കളിൻമേൽ യാതൊരു കരണങ്ങളും ചെയ്യുവാൻ പാടില്ലാത്തതും, മുനിസിപ്പാലിറ്റിയുടെ പ്രത്യേക അനുവാദവും, വേണ്ടത്ര സെക്യൂരിറ്റിയും ഹാജരാക്കി വാങ്ങിയതിനുശേഷം മാത്രമേ കരണങ്ങൾ ചമയ്ക്കുവാൻ പാടുള്ളതുമാകുന്നു.

25. സ്ഥലവും, പരിസരവും വൃത്തിയായി സൂക്ഷിക്കുവാൻ കരാറുകാർ ബാദ്ധ്യസ്ഥരാണ്.

26. ലേലം സ്ഥിരപ്പെടുത്തിക്കിട്ടാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ കൊടുക്കുന്നതാണ്. സ്ഥിരപ്പെട്ടുകിട്ടുന്നവരുടെ നിരതദ്രവ്യം നിബന്ധനകൾ ശരിയായി പാലിച്ചിട്ടുള്ള പക്ഷം കാലാവധിയ്ക്ക്ശേഷം തിരികെ നൽകുന്നതാണ്.

27. നിരതദ്രവ്യം അടച്ചവർക്കും നിയമാനുസരണം സോൾവൻസി സർട്ടിഫിക്കറ്റ് ഉള്ളവർക്കും മാത്രമേ ലേലസമയത്ത് ഹാളിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ.

28. ലേല വ്യവസ്ഥകളിൽ മാറ്റം വരുത്തുവാനും കൂടുതൽ ചേർക്കുവാനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കും.

29. ലേല വ്യവസ്ഥകൾ ലംഘിക്കുകയോ നഗരസഭയ്ക്ക് നഷ്ടം വരുന്ന രീതിയിൽ പ്രവർത്തിക്കുകയോ ചെയ്യുന്ന പക്ഷം ലേല ഉടമ്പടി റദ്ദ് ചെയ്യുന്നതും ലേലം പിടിച്ച ആളിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമാണ്.

30. മാർക്കറ്റിൽ നിന്നും ഓരോ ഇനത്തിലും, ബസ് സ്റ്റാൻഡിലെ പാർക്കിംഗ് ഫീസ്, കംഫർട്ട് സ്റ്റേഷനിലെ ഫീസ്, എന്നിവ മുനിസിപ്പൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മാത്രമേ പിരിക്കാൻ പാടുള്ളൂ.

31. ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ എല്ലാ ദിവസവും പ്രവർത്തിക്കേണ്ടതാണ്.

32. ബസ് സ്റ്റാൻഡ് പ്രൈവറ്റ് ബസ് സർവ്വീസുകളിൽ നിന്നും മാത്രമേ ഫീസ് പിരിയ്ക്കാൻ പാടുള്ളൂ.

33. പൊതുലേലം സംബന്ധിച്ച് ബഹു. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും നിർദ്ദേശങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

34. **ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും പകർപ്പും, റേഷൻകാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.**

35. **ലേല വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, ലേലം അട്ടമറിയ്ക്കാൻ ശ്രമിക്കുകയോ ചെയ്യുന്നവരെ കരിമ്പട്ടികയിൽപ്പെടുത്തി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.**

36. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയായി വരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ നിബന്ധനകൾ പ്രകാരം ലേലം നടത്തുന്നതാണ്.

മുനിസിപ്പൽ ആഫീസ്, മുനിസിപ്പൽസെക്രട്ടറി

ചെങ്ങന്നൂർ